# വചന വിചിന്തനം : മെയ് 10 ഞായർ, 2009

ഹെബ്രാ. 10:26–39

സത്യത്തെ സംബന്ധിച്ച പൂർണ്ണമായ അറിവു ലഭിച്ചതിനു ശേഷം മന:പൂർവ്വം പാപം ചെയ്യരുത്. അതായത് ക്രിസ്തുവിനെ തിരിച്ചറിഞ്ഞതിനുശേഷം വിശ്വസിക്കാൻ മടികാണിക്കരുത്.

- കൂടുതൽ ഉത്കൃഷ്ടവും ശാശ്വതവുമായ ധനം ഉണ്ടെന്ന ബോധ്യം കഷ്ടപ്പാടുകൾ സഹിക്കാൻ പ്രചോദനമാകുന്നു.

- കർത്താവിനോട് ചേർന്നു നിന്ന് വിശ്വസിച്ച് ആത്മരക്ഷ പ്രാപിക്കുക. സഹനശക്തി അഭ്യസിക്കുക. വിശ്വാസം മൂലം ജീവിക്കുന്ന നീതിമാന്മാരായിരിക്കുക.

2. യോഹ.21:1–14

- യോഹന്നാന്റെ സുവിശേഷത്തിന് അനുബന്ധമെന്നോണം ഉള്ള ഭാഗം

- അത്ഭുതകരമായ മീൻപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ യേശു ശിഷ്യർക്ക് സ്വയം വെളിപ്പെടുത്തുന്നു.

- രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതെ ദുഃഖിതരായിരിക്കുന്ന ശിഷ്യർക്ക് യേശു പറയുന്നതനുസരിച്ചപ്പോൾ വല നിറയെ മത്സ്യം ലഭിക്കുന്നു.

- യേശു അവർക്കു വേണ്ടി പ്രാതൽ ഒരുക്കുമ്പോൾ തിരിച്ചറിവിന്റെ പൂർണ്ണതയിലേക്ക് ശിഷ്യർ എത്തുന്നു.

( നടപടി പുസ്തകത്തിൽ യേശുവിനെ തിരിച്ചറിഞ്ഞ് അവന് കീഴ്പ്പെടുന്ന സാവൂളിന്റെ ചിത്രവും കാണാം.)

## വചനവിചിന്തനം

- ഉത്ഥാനം എന്ന യാഥാർത്ഥ്യത്തിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഭാഗമാണിത്. ഉത്ഥാനം ശിഷ്യന്മാരുടെ വെറും ഒരു സങ്കല്പമോ, വിഭ്രാന്തിയോ, തോന്നലോ അല്ല. അതിനുമപ്പുറം വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യേണ്ട യാഥാർത്ഥ്യമാണ്. മരണത്തെ കീഴടക്കിയവനായ യേശുതന്നെയാണ് മത്സ്യം പിടിക്കാൻ സഹായിക്കുന്നതും, തീ കൂട്ടി ഭക്ഷണം പാകം ചെയ്യുന്നതും പങ്കുവയ്ക്കുന്നതും. ഇത് അനുഭവമാണ്.

- സഭയുടെ സാർവ്വത്രികത– '153' എന്ന എണ്ണത്തിന് പല വ്യാഖ്യാനങ്ങൾ. വി. ജെറോമിന്റെ വ്യാഖ്യാനം കൂടുതൽ സ്വീകാര്യം. അതായത് കടലിൽ 153 ഇനം മത്സ്യങ്ങളുണ്ടെന്ന വിശ്വാസം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. എല്ലാം വലയിൽ ഉൾക്കൊണ്ടു. സഭയാകുന്ന വലയിലേക്ക് എല്ലാ ജനതകളേയും ക്രിസ്തു ആകർഷിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളാൻ പര്യാപ്തമാണ് സഭ. (See. വി. മത്തായി 13: 47–സ്വർഗ്ഗരാജ്യം എല്ലാത്തരം മത്സ്യങ്ങളെയും പിടിക്കാൻ എറിയപ്പെട്ട വലയ്ക്കു സദൃശ്യം). 153 എന്നത് അന്നുണ്ടായിരുന്ന സഭകളുടെ മുഴുവൻ എണ്ണമാണെന്ന വ്യാഖ്യാനവും ശ്രദ്ധേയം. (150– Diaspora,then Juda,Samaria, Galilee).

## ജീവിതങ്ങളിലേക്ക്

–ദൈവത്തിന്റെ സ്നേഹത്തിന്റെ വലിയ അനുഭവങ്ങളിലേക്ക് നമ്മെ നയിക്കുന്ന യാഥാർത്ഥ്യമാണ് ഉത്ഥാനം. ഉഷസായപ്പോൾ യേശുവന്നു എന്നതിന് ഒരു പാഠഭേദം നല്കി

യാൽ യേശു വന്നപ്പോൾ ഉഷസ്സായി എന്ന് നമുക്ക് വായിക്കാം. ദൈവം കൂടെയുള്ളപ്പോഴാണ് പ്രകാശത്തിന്റെയും പ്രതീക്ഷയുടെയും അനുഭവം നമുക്കുണ്ടാകുന്നത്. യേശുവിനോടൊപ്പം അദ്ധ്വാനിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സന്ധ്യാസമയം മീൻ പിടുത്തത്തിന് ഏറ്റവും യോജിച്ചതാണെന്നാണ് വിശ്വാസം. പക്ഷേ ശിഷ്യർക്ക് യാതൊരു ഫലവും ലഭിച്ചില്ല. കാരണം യേശു കൂടെയില്ലായിരുന്നു. യേശുവിന്റെ കല്പനയനുസരിച്ചപ്പോൾ സമൃദ്ധിയുടെ, സന്തോഷത്തിന്റെ വലിയ അനുഭവം അവർക്കുണ്ടായി. അവരുടെ അദ്ധ്വാനത്തിൽ നിന്നു തന്നെ യേശു അവർക്ക് ഭക്ഷണം ക്രമീകരിക്കുന്നു. അത് കൂടുതൽ സന്തോഷവും സംതൃപ്തിയും നല്കുന്നു. അദ്ധ്വാനത്തിലും, സമൃദ്ധിയിലും അവർ യേശുവിനെ തിരിച്ചറിയുന്നു പലപ്പോഴും നമ്മുടെ വിലാപങ്ങൾ– ഞാൻ അദ്ധ്വാനിച്ചു മടുത്തു, ഫലമുണ്ടാകുന്നില്ല. കുടുംബത്തിന്, ഭാര്യക്ക്, മക്കൾക്ക്, മാതാപിതാക്കൾക്ക് സമുദായത്തിന് എല്ലാം വേണ്ടി എന്റെ അദ്ധ്വാനം നിഷ്ഫലമാകുന്നു. ചിന്തിക്കുക. യേശുവിന്റെ വചനങ്ങളനുസരിച്ച് അവനോടൊപ്പമാണോ ഞാൻ അദ്ധ്വാനിച്ചത്. അതോ എൻെറ കഴിവിൽ മാത്രം ആശ്രയിച്ചാണോ ഞാൻ ജീവിക്കുന്നത്. കുടുംബം പടുത്തുയർത്തുന്നത്, ജീവിതത്തിൽ മുമ്പോട്ടുപോകുന്നത്, ഭാര്യയും ഭർത്താവും മക്കളും, മാതാപിതാക്കളും, സമൂഹവുമെല്ലാം ഉൾക്കൊള്ളുന്ന സംവിധാനത്തിലൂടെ, മാനുഷികമായ പ്രയത്നത്തിലൂടെയാകാം. പക്ഷേ അവിടെ നായകനായി, മാർഗ്ഗദർശിയായി പ്രതിഷ്ഠിക്കേണ്ടത് കർത്താവിനെയാണ്, അവിടുത്തെ വചനത്തെയാണ്. അപ്പോൾ അദ്ധ്വാനങ്ങൾക്ക് പ്രതിഫലം ലഭിക്കാതിരിക്കില്ല. ജീവിതത്തിൽ സംതൃപ്തിയുടെ, സമൃദ്ധിയുടെ, നിറവിന്റെ, സന്തോഷത്തിന്റെ അനുഭവം ലഭിക്കാതിരിക്കില്ല. (സമൃദ്ധി സാമ്പത്തികം മാത്രമല്ല എന്ന് ഓർമ്മിക്കുക).

– സഭ എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു സംവിധാനമാണ്. ക്രിസ്തു ആഗ്രഹിക്കുന്നത് എല്ലാവരും സഭയിലേക്ക് വരണം എന്നാണ്. അതിനോടുള്ള നമ്മുടെ സഹകരണമാണ് പ്രേഷിതപ്രവർത്തനം. ജീവിത സാക്ഷ്യം വഴി, ഉത്തമ ക്രിസ്തീയജീവിതം വഴി സഭയിലേക്ക് എല്ലാവരെയും ആകർഷിക്കുവാൻ നമുക്ക് കടമയുണ്ട്. സഭ യാതൊരുവിധ വിവേചനങ്ങളേയും അംഗീകരിക്കുന്നില്ല, ആഗ്രഹിക്കുന്നുമില്ല. ജാതിയോ, വർണ്ണമോ, സമ്പത്തോ, കുടുംബ പാരമ്പര്യമോ ഒന്നും സഭയിൽ ശ്രേഷ്ഠതക്കുള്ള മാനദണ്ഡങ്ങളല്ല. മറിച്ച് വിശ്വസത്തിന്റെ ആഴമാണ് സഭാജീവിതത്തിൽ പ്രധാനം. ഒരേ വലയിൽ എല്ലാത്തരം മത്സ്യങ്ങളും ആയിരിക്കുന്നതുപോലെ സഭയിൽ വിശ്വാസികൾ ആയിരിക്കണം. അവിടെ ഇന്നലെ വന്നവനും, അതിപുരാതന വിശ്വാസിയും തുല്യമായി പരിഗണിക്കപ്പെടണം. ദൈവത്തിന്റെ സ്നേഹം യേശുവിലൂടെ വെളിവാക്കപ്പെട്ടത് എല്ലാ മനുഷ്യർക്കും വേണ്ടിയാണ്. സഭയും നിലകൊള്ളുന്നത് അല്ലെങ്കിൽ നിലക്കൊള്ളേണ്ടത് എല്ലാവർക്കും വേണ്ടിയാണ്. കാരണം സഭ ക്രിസ്തുവിന്റെ തുടർച്ചയാണ്.

കുടുംബ ജീവിതത്തിലും സഭാജീവിതത്തിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് അംഗീകരിക്കുവാൻ നമുക്കു കഴിയണം. ദൈവത്തിന്റെ കരുതലും കാരുണ്യവും ഉൾക്കൊണ്ട് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ സാധിക്കണം. എന്ന് വിശ്വാസിയായി എന്നതല്ല, എങ്ങനെയുള്ള വിശ്വാസിയായിരിക്കുന്നു എന്നതാണ് പ്രധാനം. എത്രമാത്രം അദ്ധ്വാനിച്ചു എന്നതല്ല, ക്രിസ്തുവിനോടൊപ്പമാണോ അദ്ധ്വാനിച്ചത് എന്നതാണ് പ്രധാനം.

**ഫാ. സ്ക്കറിയ ഉറുമ്പിൽ**